# <u>അക്കാദമിക മാസ്റ്റർപ്ലാൻ – എൽ.പി വിഭാഗം</u>

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മുൻധാരയിലെത്തിച്ച് വിവിധ വിഷയങ്ങളിലെ അടിസ്ഥാന ലക്ഷ്യങ്ങൾ ഉന്നം വച്ചുകൊണ്ടുള്ള വിവിധ പ്രവർത്തനങ്ങളെ ഒരു നവ്യാനുഭവമാക്കി മാറ്റി പഠിതാക്കളുടെ മനസ്സിൽ വിദ്യാലയത്തെ ഒരു ഉദ്യാനമാക്കി മാറ്റി അതിൽ താല്പര്യത്തോടെ പ്രവർത്തിക്കാൻ അവരെ സ്വയം സന്നദ്ധരാക്കുക എന്നതാണ് ഈ സംരംഭം ലക്ഷ്യം വെക്കുന്നത്.

വീട് സമൂഹം എന്നിവിടങ്ങളിൽ നിന്നും ലഭിച്ച മുൻധാരണകളുടെയും ആശയങ്ങളുടെയും അടിത്തറയിൽ ഒരു തുടർച്ച ലഭിക്കുന്ന വിധത്തിൽ വ്യക്തിഗത പ്രവർത്തനങ്ങൾക്കും, സംഘപ്രവർത്തനങ്ങൾക്കും ഒരുപോലെ പ്രാധാന്യം നൽകി കൊണ്ടുള്ള ഒരു കർമ്മപദ്ധതിയാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കുട്ടികളിൽ തുല്യതയും, ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പുവരുത്താനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

കുട്ടികളുടെ സമഗ്ര വികസനത്തിനുവേണ്ടി അവരുടെ ശാരീരികവും, മാനസികവും, വൈജ്ഞാനികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ ആണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതകളുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്തിട്ടുള്ളത്.

**ലക്ഷ്യം :**

- ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതാനും പഠിപ്പിക്കൽ. (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ)
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠന പ്രവർത്തനങ്ങളോടൊപ്പം അവരുടെ സർഗാത്മകതയെ തൊട്ടുണർത്തുന്ന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുകയും കലാകായികപ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യൽ.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| എല്ലാ കുട്ടികളെയും ലളിതമായ വാക്യങ്ങൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക. | കഥച്ചെപ്പ് തുറക്കാം | വായനയിലേക്ക് കുട്ടികളെ ആകർഷിക്കൽ - ചിത്ര കാർഡുകൾ തയ്യാറാക്കൽ - ചിത്ര വായന - ആശയം ചിത്രീകരിക്കൽ - ടീച്ചറുടെ മാതൃകാ വായന - കുട്ടി അധ്യാപകന്റെ ഇടപെടലോടെയുള്ള വായന - ചൂണ്ടി വായന - സംഘ വായന - വായന കാർഡുകൾ - സ്വതന്ത്ര വായന - ചിത്രകഥ പുസ്തക വായന - രക്ഷിതാക്കളുടെ സഹായത്തോടെ തൽസമയ നിർമ്മിത കഥകൾ വായിക്കൽ. കുട്ടികളുടെ വായനയുടെ ഓഡിയോ വീഡിയോ ക്ലിപ്പുകൾ അതയച്ചു തരുന്നു. അമ്മ വായന - ക്ലാസ്സ് റൂം ലൈബ്രറി ഒരുക്കുന്നു. ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തിരഞ്ഞെടുക്കുന്നു. വായനാനുഭവങ്ങൾ പങ്കുവെക്കുന്നു. ആനുകാലികപ്രസിദ്ധീകരണങ്ങൾ വായിക്കുന്നു. | ജൂലൈ - ഒക്ടോബർ | അധ്യാപിക, രക്ഷിതാക്കൾ, ലൈബ്രറി | |
| എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക. | എഴുത്തുകൂട്ടം | പത്ര വായന.ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. കേട്ട കഥയിലെ ആശയം ചിത്രീകരിക്കുന്നു - ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പ് നൽകുന്നു - കാർട്ടൂണുകൾക്ക് സംഭാഷണം എഴുതി ചേർക്കുന്നു - ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും കാണാനും, പുനരവതരണത്തിനുമുള്ള അവസരം നൽകിയ ശേഷം കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ എഴുതാൻ അവസരം നൽകുന്നു. കഥാപാത്രങ്ങളുടെ പേരെഴുതിക്കുന്നു. | ആഗസ്റ്റ്- നവംബർ | പിടിഎ- ബി ആർ സി | |

| | | | | | |
|---|---|---|---|---|---|
| | വളരുന്ന വാക്യങ്ങൾ. | ചിത്രം നോക്കി പേരെഴുതൽ - പേരിനോടുകൂടി ഓരോ വിശേഷണമായി ചേർത്ത് പദത്തോട് ചേർത്തെഴുതി വാക്യം വളർന്നു വരട്ടെ ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടികൾ കഥയെഴുതുന്നു. കഥാപതിപ്പ് തയ്യാറാക്കുന്നു (വ്യക്തിഗത രചന, സംഘ രചന). | ജൂലൈ-നവംബർ | | |
| സർഗാത്മകരചന - സ്വന്തം ഭാവന കഥകളും, കവിതകളും വികസിപ്പിച്ചെടുക്കുകയും അവ വിവിധ വേദികളിൽ അവതരിപ്പിക്കാനുമുള്ള അവസരങ്ങൾ നൽകുന്നു. | | ദൈനംദിന അനുഭവങ്ങൾ ഉൾച്ചേർത്തുകൊണ്ട് കുട്ടി സ്വന്തം ഭാവനക്കനുസരിച്ച് കൊച്ചുകൊച്ചു വാക്യങ്ങൾ ചേർത്ത് ഡയറി എഴുതുന്നു. സംയുക്ത ഡയറി, സർഗാത്മക ഡയറി എന്നിവയുടെ രചനകൾ മെച്ചപ്പെടുത്തുന്നു. പരസ്പരം കൈമാറി വായിക്കുന്നു മികച്ചവ കണ്ടെത്തുന്നു. പരിചയപ്പെടാൻ അവസരം നൽകുന്നു. അധ്യാപിക ക്ലാസിൽ നൽകുന്ന വിഷയങ്ങളും സന്ദർഭങ്ങളും അടിസ്ഥാനമാക്കി കുട്ടികൾ ക്ലാസിൽ കവിതകൾക്കും കഥകൾക്കും രൂപം നൽകുന്നു ഉചിതമായ തലക്കെട്ട് നൽകുന്നു. പതിപ്പുകൾ തയ്യാറാക്കുന്നു. ഭിന്നശേഷി പ്രവർത്തനം ചിത്രങ്ങളുടെയും ചെറുചോദ്യങ്ങളുടേയും സഹായത്തോടെ ജീവിതാനുഭവങ്ങൾ തിരിച്ചറിയാനും പറയിപ്പിക്കാനും ശ്രമിക്കുന്നു. | സെപ്റ്റംബർ - ജനുവരി | | |

# <u>ഗണിതം</u>

ഗണിത പഠനം രസകരവും ആസ്വാദ്യകരവും ആയി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കൊണ്ടു കൊണ്ടാണ് ഈ പ്രവർത്തന പദ്ധതി മുന്നോട്ടുവച്ചത് ഓരോ പ്രവർത്തനവും ഒരു നിശ്ചിത പഠന നേട്ടത്തിലൂന്നിയതും ഒരു ഗണിതാശയം ഉൾക്കൊള്ളുന്നതും ആയിട്ടാണ് ക്രമപ്പെടുത്തിയിരിക്കുന്നത് ദൃഢമായ സംഖ്യ ബോധത്തോടുകൂടി സ്വയം താൽപര്യപ്പെട്ട് പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യണം എന്നതാണ് ലക്ഷ്യമാക്കുന്നത്.

**ലക്ഷ്യങ്ങൾ**:

- ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യാബോധവും സംഖ്യ വ്യാഖ്യാനവും എന്നീ ശേഷികൾ ഉറപ്പാക്കൽ.
- ചതുഷ്ക്രിയകൾ, പ്രശ്നാപഗ്രഥനം എന്നീ ക്രിയാശേഷികൾ എല്ലാവരും നേടിയെടുക്കുക.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുകയും വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യൽ.
- സമയവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങളിൽ രസകരമായി ഇടപെടുന്നതിനുള്ള കഴിവ് നേടിയെടുക്കൽ.

| പഠനനേട്ടങ്ങൾ / ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1. മുന്നിൽ, പിന്നിൽ, ദൂരെ, അടുത്ത്, ചെറുത്, വലുത്, ഇടത്ത്, വലത്ത് എന്നീ ആശയങ്ങൾ ഉറപ്പിക്കൽ. | കൂട്ടുകൂടാം, കൂടെ നടക്കാം. | ക്ലാസിൽ ഏതാനും വസ്തുക്കൾ പരിചയപ്പെടുത്തുന്നു. വലുപ്പം താരതമ്യം ചെയ്ത് അവയെ ഇടത്ത്, വലത്ത്, മുന്നിൽ, പിന്നിൽ, ദൂരെ, അടുത്ത ് എന്നീ ആശയങ്ങൾ മനസ്സിലാകുന്ന രീതിയിൽ ക്ലാസിലെ വിവിധ സ്ഥലങ്ങളിൽ ക്രമീകരിക്കുന്നു സ്വന്തം വാക്കുകളിൽ വിശദീകരിക്കാൻ അവസരം നൽകുന്നു. | ഒരാഴ്ച | | |
| | വർക്ക്ഷീറ്റുകൾ. | പഠനനേട്ടവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ ചിത്രങ്ങളുടെ സഹായത്തോടെ പരിചയപ്പെടുത്തുന്നു. | | | |
| 2. ഒന്നു മുതൽ ആയിരം വരെ സംഖ്യ ബോധം. | നറുക്കെടുക്കാം | സംഖ്യകൾ എഴുതിയ നറുക്കുകൾ കുട്ടികൾക്ക് നൽകുന്നു കിട്ടിയ സംഖ്യ വായിക്കുന്നു മറ്റുള്ളവർ എഴുതുന്നു. | ജൂൺ | | |
| | പത്ത് ചങ്ങാതിമാർ | സംഖ്യ നറുക്കെടുക്കുന്നു. കിട്ടിയ നറുക്കിലെ സംഖ്യ വായിക്കുന്നു ആ സംഖ്യ മുതൽ തുടർച്ചയായി വരുന്ന 10 സംഖ്യകൾ ആരോഹണാവരോഹണ ക്രമത്തിൽ എണ്ണിക്കുകയും എഴുതിക്കുകയും ചെയ്യുന്നു. | | | |
| | പാറ്റേൺ പൂർത്തീകരിക്കൽ | വിവിധ സംഖ്യ പാറ്റേണുകൾ പൂർത്തീകരിക്കൽ | ജൂൺ - സെപ്റ്റംബർ | | |

| | | | | | |
|---|---|---|---|---|---|
| | ക്രമത്തിലാക്കാം | വ്യത്യസ്ത സംഖ്യകൾ നൽകുന്നു ആരോഹണക്രമം അവരോഹണ ക്രമം എഴുതൽ. | ജൂൺ - ഓഗസ്റ്റ് | | |
| 3.സംഖ്യകളെ വ്യാഖ്യാനിക്കൽ. | കൂട്ടങ്ങൾ ആക്കാം | ഇഷ്ടമുള്ള സംഖ്യ എഴുതൽ കളി നോട്ട് ഗ്രിഡ് ഉപയോഗിച്ച് 1,10,100,1000 ന്റെ കൂട്ടങ്ങളാക്കി മാറ്റൽ. | ജൂലൈ - സെപ്റ്റംബർ | | |
| | സംഖ്യാ സൂര്യൻ | ഓരോ കുട്ടിയും ഇഷ്ടമുള്ള സംഖ്യ ബോർഡിൽ എഴുതുന്നു. ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതുന്നു. | രണ്ടാഴ്ച | | |
| | ക്രമീകരിക്കാം | സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കുന്നു അരവിന്ദ് ഗുപ്തകാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കൽ. | ജൂലൈ - ഒക്ടോബർ | | |
| 4. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസിൽ ഒരു കട/ കച്ചവട കണക്ക്. | കുട്ടികളുടെ പഠനസാമഗ്രികൾ വെള്ളം അരി etc.. ചേർത്ത് അവക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>ത്രാസ്, അളവുപാത്രങ്ങൾ ക്രമീകരിക്കുന്നു ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>സ്കൂൾ ഉച്ചഭക്ഷണത്തിലേക്കായുള്ള പച്ചക്കറികളുടെ സമാഹരണം.<br>കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി നടത്തുന്നു. കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ. സാധനങ്ങൾ വാങ്ങുകയും പണം കൈകാര്യം ചെയ്യുകയും ചെയ്യുന്നു ഗ്രൂപ്പിൽ ചർച്ച നടത്തുന്നു. പ്രയാസങ്ങൾ അധ്യാപകന്റെ ഇടപെടലുകളുടെ സഹായത്തോടെ പരിഹരിക്കുന്നു. | സെപ്റ്റംബർ – ഫെബ്രുവരി | | |

| | | | | | |
|---|---|---|---|---|---|
| 5.ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | സമയചക്രം<br><br>സംഖ്യാ ചക്രം<br><br>ഭാഗ്യവാനെ കണ്ടെത്താം | Black and white ചാർട്ട് ഉപയോഗിച്ച് സമയചക്രം ഉണ്ടാക്കുന്നു. (AM,PM) ക്ലോക്ക ് മാതൃക തയ്യാറാക്കുന്നു. സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരണത്തിനു ഉപയോഗപ്പെടുത്തുന്നു.<br><br>സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു. അവ തമ്മിലുള്ള സംങ്കലനം, വ്യവകലനം, ഗുണനം, ഹരണം. എന്നീ ക്രിയകളിൽ പരിശീലനം നൽകുന്നു.<br><br>അധ്യാപകൻ ബ്ലാക്ക് ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. വിവിധ ക്രിയകൾ എഴുതിയ നറുക്കുകൾ എടുക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.(eg: 10-4, 7*4, 8+5)<br><br>ക്രിയ ചെയ്യാം ആരുടെ ഉത്തരമാണ് ബോർഡിലുള്ളതെന്ന് കണ്ടെത്താം. | ജൂലൈ - ഓഗസ്റ്റ്<br><br>ജൂലൈ - മാർച്ച്<br><br>ജൂലൈ- ഫെബ്രുവരി | | |

## പരിസര പഠനം

ജിജ്ഞാസയുണർത്തുന്ന ചുറ്റുപാടുകളെയും, വസ്തുക്കളെയും അന്വേഷണ ബുദ്ധിയോടുകൂടി നിരന്തരമായി നിരീക്ഷണപരീക്ഷണങ്ങൾക്ക് വിധേയമാക്കി, അവയെക്കുറിച്ച് പരികല്പനകൾ നിർമ്മിക്കുകയും നിഗമനങ്ങളിലെ- ത്തിച്ചേരുകയും ചെയ്യുന്ന ശാസ്ത്രീയ രീതിയാണ് ഇവിടെ അവലംബിച്ചിട്ടു ള്ളത്.ഇങ്ങനെ കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുന്നതോടൊപ്പം സഹജീവിസ്നേഹം, അലിവ്,ആർദ്രത, സഹിഷ്ണുത, അനുകമ്പ, എന്നിങ്ങനെയുള്ള മനോഭാവങ്ങൾ വളർത്തി കുട്ടികളെ ഉത്തമ പൗരന്മാരാക്കാനുള്ള കടമ കൂടി നമുക്കുണ്ട്.

**ലക്ഷ്യങ്ങൾ:**

- കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണങ്ങളിലേർപ്പെടാനുള്ള ശാസ്ത്രീയ മനോഭാവം വളർത്തുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

| പഠനനേട്ടങ്ങൾ / ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ദിനകൃത്യങ്ങൾ<br><br>നല്ല ശീലം | വ്യക്തി ശുചിത്വം ഉറപ്പുവരുത്തുന്നതിന് വേണ്ടി ബോധവൽക്കരണം ഓരോ കുട്ടിയും എന്തെല്ലാം കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു എന്ന് അവർ തന്നെ ടീച്ചറുടെ നേതൃത്വത്തിൽ പട്ടികപ്പെടുത്തുന്നു.<br><br>ശാരീരിക ശുചിത്വത്തിൽ ഓരോ ദിനവും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കൽ- കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിന് നൽകുന്നു. ക്ലാസ് റൂമിന്റെയും പരിസര-ത്തിന്റെയും ശുചിത്വവും ശ്രദ്ധിക്കുന്നു. വിലയിരുത്തി മെച്ചപ്പെടുത്തുന്നു. | ജൂൺ- നവംബർ | | |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പൂന്തോട്ടം- സ്കൂളിലും വീട്ടിലും | സ്കൂളിൽ ഒരു പൂന്തോട്ടം ഒരുക്കാം- വീട്ടിലും പൂന്തോട്ടം നിർമ്മിക്കുന്നു- പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ- പരിസരങ്ങളിൽ പതിയ്ക്കൽ- വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജീകരിക്കാം. | ജൂലൈ - മാർച്ച് | | |

| | | | | | |
|---|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക<br><br>ശാസ്ത്രീയ മനോഭാവം വളർത്തൽ | പരീക്ഷണങ്ങൾ<br><br>നിരീക്ഷണം | ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. സംഘമായി പരീക്ഷണങ്ങൾ നടത്തുന്നു. വിവിധ ഘട്ടങ്ങളിൽ കണ്ടെത്തലുകൾ നടത്തുന്നു. രേഖപ്പെടുത്തുന്നു.<br><br>ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷണം. പ്രത്യേകതകൾ മനസ്സിലാക്കൽ. ജീവജാലങ്ങളുടെ പരസ്പരാശ്രിതത്വം ചർച്ചചെയ്യൽ. | ആഗസ്റ്റ് - ഫെബ്രുവരി<br><br>സെപ്റ്റംബർ - ജനുവരി | | |

# ENGLISH

We expect this programme should enable the students to succeed academically and socially through the provision of necessary resources and support. This promotes a welcoming environment, provides English language acquisition effectively and efficiently. Mastering the basic learning objectives, the children will achieve academic success. It includes, utilization of resources and action-plans.

| Learning objectives | Activities | Activity details | Period | | |
|---|---|---|---|---|---|
| 1. Listen to narratives and instructions, respond according to them.<br><br>2. Familiarises with effective communication expressions such as hello, I am sorry, thank you, bye, etc.<br><br>3. Describe picture | Once Upon A Time listen and do.<br><br>Hello, Hai<br><br>Picture description | Gives chance to listen rhymes, short stories and narrations. appreciate the rhythm, tone and rhyming words. The teacher gives some instructions about the features of an object. the students identify the object and draw the picture according to the instructions.<br><br>Whenever get natural situations, make use of them to use effective communication expression.<br><br>Teacher shows a picture – discussion On it. Asks them to describe what are there in the picture. | July - September<br><br>August - September<br><br>June – August | | |

| | | | | | |
|---|---|---|---|---|---|
| 4.Add more exchanges to the conversation suitable to the context. | Conversation | children talk about the picture. Reading the conversation and acting with friends. add more exchange- to the conversation. | August - September | | |
| 5. Adds lines to a poem following a set pattern. | Add more lines | Plays the audio of song. Let' The learner Sing after the audio. add lines to the poem. | July – December | | |
| 6. Make simple riddles. | Riddles | Give children the opportunities to hear and answer simple riddles. make simple riddles. | December – March | | |
| 7. Undertakes simple project work given. | Project works | Gives instructions. Data collection. | October - March | | |

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന (SLD, ID)എന്നീ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ പ്രത്യേക അവസരങ്ങൾ കണ്ടെത്തിയും അവധി ദിവസങ്ങൾ ഉപയോഗപ്പെടുത്തിയും വിവിധ പഠനശേഷികളുടെ പ്രാഥമിക തലങ്ങളിൽ എത്തിക്കാൻ ശ്രമിക്കുന്നു.

# അറബിക് LP

സാമ്പത്തിക, സാംസ്കാരിക, സാങ്കേതിക, വൈജ്ഞാനിക, തൊഴിൽ മേഖലകളിൽ അനുദിനം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഭാഷ എന്ന നിലയിൽ ലോകത്ത് അറബി ഭാഷയുടെ തൊഴിൽ സാധ്യതകളും പഠനവും ഒട്ടേറെ പ്രാധാന്യമർഹിക്കുന്നു. ലോകത്ത ് പല ഭാഷകളും കാലഹരണപ്പെടുകയും മാറ്റങ്ങൾക്ക് വിധേയമാക്കപ്പെടുകയും ചെയ്യുമ്പോഴും നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള അറബി ഭാഷ മൂലഭാഷയുടെ തനിമ നിലനിർത്തി ആധുനിക മാറ്റങ്ങളെ ഉൾക്കൊണ്ടുതന്നെ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ലോകത്ത ് 22 രാഷ്ട്രങ്ങളുടെ ഔദ്യോഗിക ഭാഷയും 50 കോടി ജനങ്ങൾ ജീവിതത്തിൽ ഉപയോഗിക്കുന്ന ഭാഷയുമാണത്. കേരളത്തിൽ മാത്രം 50 ലക്ഷം ജനങ്ങൾ അറബി ഭാഷയിൽ സാക്ഷരരാണ്.

കേരളവും അറബിഭാഷയും തമ്മിൽ നൂറ്റാണ്ടുകളുടെ ചരിത്ര ബന്ധമാണുള്ളത ് അറബി രാഷ്ട്രഭാഷ അല്ലാത്ത നാടുകളിൽ ആ ഭാഷയും സംസ്കാരവും ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയതും പ്രചാരം നേടിയതും കേരളത്തിലാണ്. അതുകൊണ്ടുതന്നെ അറബി ഭാഷാ സാഹിത്യ രംഗത്തും തൊഴിൽ രംഗത്തും അനന്ത അവസരങ്ങളും സാധ്യതകളുമാണ് മലയാളികൾക്കുള്ളത്. അറബി ഭാഷാ പഠനം കേരളത്തിലെ സ്കൂളുകളിൽ ഔദ്യോഗികമായി ആരംഭിച്ചിട്ട് 112 വർഷം പിന്നിട്ടിരിക്കുന്നു. 1912 ൽ തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ ചരിത്ര നിയോഗം എന്ന പോലെയാണ് വക്കം അബ്ദുൽ ഖാദർ മൗലവിയുടെ വിദ്യാഭ്യാസപരമായ ഇടപെടലുകളുടെ ഫലമായി ശ്രീമൂലം തിരുനാൾ മഹാരാജാവ് അറബി ഭാഷാ പഠനത്തിന് സംവിധാനവും വ്യവസ്ഥയും ഉണ്ടാക്കിയത്. പ്രാരംഭ നാളുകളിൽ ഖുർആൻ ടീച്ചർ എന്ന തസ്തികയിലായിരുന്നു അറബി അധ്യാപകർ നിയമിക്കപ്പെട്ടിരുന്നത്. സി.എച്ച് മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായിരുന്ന 1967 ലാണ് ഖുർആൻ അധ്യാപകർ ഭാഷാ അധ്യാപകരുടെ ഗണത്തിൽ ഉൾപ്പെട്ടത്.

പ്രീ പ്രൈമറി മുതൽ സർവകലാശാല തരം വരെ അറബി ഭാഷാ വിദ്യാഭ്യാസം നേടാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഇന്ന് കേരളത്തിലുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രൈമറി സെക്കൻഡറി ഹയർ സെക്കൻ ഡറി വിഭാഗങ്ങളിലായി പന്തീരായിരത്തോളം അറബി അധ്യാപകർ ജാതിമതഭേദമന്യേ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നുണ്ട്. 18 ലക്ഷത്തിൽപരം വിദ്യാർത്ഥികൾ ഈ വിഭാഗങ്ങളിലായി പഠിക്കുന്നുമുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തും ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുന്നുണ്ട്.

**പൊതുവായ ലക്ഷ്യങ്ങൾ :**

1)കുട്ടികളിൽ അറബിക് ഭാഷയോട് താല്പര്യം വളർത്തുക. ലിംഗുസ്റ്റിക് ഡെവലപ്പ്മെന്റിന്റെ സ്റ്റേജുകൾ പടിപടിയായി ഉയർത്തുക.

2)LSRW ഊന്നൽ നൽകി ഭാഷയോടുള്ള കഴിവും നൈപുണിയും വളർത്തിയെടുക്കുക.

3)ഓരോ യൂണിറ്റിലും വേണ്ട പഠന നേട്ടങ്ങളും മറ്റും കുട്ടികൾ നേടി എന്ന് ഉറപ്പു വരുത്തുക.

4)അറബിക് ഭാഷാ പഠനം രസകരവും ആകർഷകവും ഒപ്പം ലളിതവും ആക്കുക.

5)അറബിക് ഭാഷ പഠനത്തിലൂടെ കുട്ടികളിൽ ഭാഷാ സ്നേഹവും വളർത്തിയെടുക്കുക.

7)ഭിന്നശേഷി കുട്ടികൾക്ക് ഒരേ പോലെയുള്ള പ്രാധാന്യം നൽകിക്കൊണ്ടുതന്നെ അവർക്കാനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തനാക്കുക.

8)അറബി ഭാഷ സാധ്യതകളും അവസരങ്ങളും കുട്ടികൾക്ക് മനസ്സിലാക്കി ഭാഷാപഠനത്തിന്റെ താല്പര്യം വർധിപ്പിക്കുക.

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1.അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ എഴുത്ത്, വായന എന്നിവ പരിപോഷിപ്പിക്കുവാനു ള്ള പ്രത്യേക പരിപാടി. | അറബിക് മധുരം | • എഴുത്ത്,വായന:<br>• ടെസ്റ്റ ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക ് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>• നിശ്ചിത സമയത്ത ് "അറബിക് മധുരം" ക്ലാസ് നൽകുക. | 2 മാസം | BRC<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ | 250 |
| 2.കുട്ടിയെ വായനാ ലോകത്തേക്ക് കൊണ്ടുവരൽ<br>നല്ല വായനക്കാരാക്കുക. | വായനാലോകം | • തെരഞ്ഞെടുത്ത ലളിതമായ അറബിക ് പുസ്തക ശേഖരം( അറബിക് ലൈബ്രറി) :<br>• പുസ്തകങ്ങൾ:<br>• ചിത്രകഥ( അറബിക്)<br>• കഥാപുസ്തകം(അറബിക്)<br>• കുട്ടി കവിതകൾ ( അറബിക്)<br>• ചെറിയ വിവരണ District ( അറബിക് )<br>• അറബിക് ക്വിസ് | 6 മാസം | സമാഹരണം: അറബിക് അധ്യാപകർ, റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷാ അധ്യാപകർ, ഭാഷാ സ്നേഹികൾ, അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ, സ്പോൺസർ | 1500 |

| | | | | | |
|---|---|---|---|---|---|
| | ക്ലാസ് വായന : | • ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക.<br>• കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക ് സമ്മാനം നൽകുക. | | ഷിപ്പിലൂടെ പണം സമാഹരിക്കൽ, സർക്കാർ ഫണ്ട് . | 500 |
| 3.കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | നല്ല എഴുത്ത് | • ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകുക.<br>• വർഷത്തിലൊരിക്കൽ കയ്യെഴുത്ത ് മാഗസിൻ തയ്യാറാക്കുക.<br>• ക്ലാസ് മാസിക നിർമ്മാണം.<br>• മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി A4 സൈസിൽ വൃത്തിയായി എഴുതി ലാമിനേഷൻ ചെയ്ത ് വായനാ കാർഡ് നിർമ്മിക്കുക. | 1 വർഷം | | 250 |
| 4.അറബിപദ സമ്പത്ത് വർദ്ധിപ്പിക്കുക. | പദപരിചയം | • ഒരു പദം പരിചയപ്പെടൽ.<br>• അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ | 1 വർഷം | | 300 |

| | | | | | |
|---|---|---|---|---|---|
| | | ദിവസവും നോട്ടീസ് ബോർഡിൽ അറബിക് പദം പതിക്കുക.<br>• എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ അറബിക ് അധ്യാപകൻ വിലയിരുത്തുന്നു.<br>മികച്ചുനിൽക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകുക. | | | |
| | അറബിക് ഫെസ്റ്റ് | അറബിക ് ദിനത്തിൽ ഹാഫ ് ഡേ അറബിക് ഫെസ്റ്റ് നടത്തുക.<br>കാര്യപരിപാടികൾ :<br>• ഉദ്ഘാടനം<br>• ആദരിക്കൽ ( ഇത ് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാനം)<br>• മികച്ച അറബിക ് കലാ അവതരണം.<br>• തൊട്ടടുത്ത അറബിക ് കവി/ സാഹിത്യകാരൻ/ പണ്ഡിതൻപങ്കെടുപ്പിക്കൽ, ആദരിക്കൽ.<br>• അറബിക് എക്സിബിഷൻ.<br>• ആനിമേഷൻ പ്രദർശനം. | | പൂർവ്വ വിദ്യാർത്ഥികൾ,ഭാഷാ സ്നേഹികൾ ,അറബി ഭാഷാ പഠിതാക്കൾ | 2000 |

| | | | | | |
|---|---|---|---|---|---|
| | ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ പോസ്റ്റർ നിർമ്മിക്കുന്നു. | 1 വർഷം | | 200 |
| | മത്സരങ്ങളുടെ ലോകം | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുക.<br>ഉദാ:<br>• ക്വിസ്<br>• പദനിർമ്മാണം<br>• കഥ പറയൽ<br>• കവിത ചെല്ലൽ<br>• കളറിംങ്<br>• ഗദ്യ വായന<br>• ആംഗ്യ ഗാനം<br>• പദ പ്പയറ്റ്<br>• പദസൂര്യൻ | | | 500 |
| | സ്കൂൾ വാർഷികം | വർഷത്തിൽ അറബി നാടകം, ചിത്രീകരണം, മോണോ ആക്ട്, വാർത്താവായന തുടങ്ങിയ ഇനങ്ങൾ അവതരിപ്പിക്കുക | | പൂർവ്വ വിദ്യാർത്ഥികൾ,ഭ ാഷാ സ്നേഹികൾ ,അറബി ഭാഷാ പഠിതാക്കൾ | 1500 |

# സാമൂഹ്യശാസ്ത്രം

ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് മാനവശേഷിയാണ് ഭാവി തലമുറയായ വിദ്യാർത്ഥികൾക്ക് സമൂഹത്തിൽ വളരെയധികം പ്രാധാന്യമുണ്ട് അക്കാദമിക മികവിനൊപ്പം ഓരോ വിദ്യാർത്ഥിയും സാമൂഹിക നൈപുണിയും പ്രതിസന്ധികൾ തരണം ചെയ്യാനുള്ള മാനസികാവസ്ഥയും ആർജിക്കണം.

| പഠനനേട്ടങ്ങൾ / ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1.സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | പഠനം കളിയിലൂടെ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിനെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| | ഓർമ്മച്ചെപ്പ് | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് ICT ഉപയോഗിച്ച് ദേശീയ, അന്തർദേശീയ, ജില്ലാതല നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ എന്നിവ ആസ്പദമാക്കി മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | വിദ്യാലയത്തിൽ നിന്ന് സമൂഹത്തിലേക്ക് | ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുക. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 3. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | |
| 4.മാഗസിൻ,ചുമർപത്രിക, പതിപ്പ്. | | സർഗ്ഗശേഷി പരിപോഷിപ്പിക്കാൻ ക്ലാസ് തലത്തിൽ മാഗസിൻ, ചുമർപത്രിക, പതിപ്പുകൾ തയ്യാറാക്കൽ,പ്രദർശനം. | അക്കാദമിക വർഷം | | |

| | | | | | |
|---|---|---|---|---|---|
| 5. പൊതുവേദിയിലെ പ്രകടനങ്ങൾ. | | കുട്ടികളുടെ ഭയം, സഭാ കമ്പം എന്നിവ വളർത്തിയെടുക്കാൻ അസംബ്ലി, സർഗ്ഗവേള, സോഷ്യൽ ക്ലബ് എന്നിവ സംഘടിപ്പിക്കുന്നു സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശ ാസ്ത്ര അധ്യാപക ൻ | |
| 6.പ്രകൃതിദുരന്തങ്ങ ളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തന ങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്ക ുന്നു. | പ്രകൃതി താണ്ഡവം; നേർക്കാഴ്ച | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ബോധവാന്മാരാക്കുന്നു. | | സാമൂഹ്യശ ാസ്ത്ര അധ്യാപക ൻ | |
| 7. സഹജീവികളുടെ സ്നേഹാനുഭൂതി വളർത്തിയെടുക്കാ ൻ പ്രോത്സാഹിപ്പിക്കു ന്നു. | നന്മ മനസ്സ് | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിതർക്ക് ആശ്വാസമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശ ാസ്ത്ര അധ്യാപക ൻ | |
| 8. വിവര വിനിമയ സാങ്കേതികവിദ്യയു ടെ | ഇരുട്ടിൽ നിന്ന് മെല്ലെ വെളിച്ചത്തിലേക്ക്, | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ | അക്കാദമിക വർഷം | സാമൂഹ്യശ ാസ്ത്ര അധ്യാപക ൻ | |

| | | | | | |
|---|---|---|---|---|---|
| ദുരുപയോഗത്തെക്കുറിച്ചും ക്രിമിനൽ പ്രവർത്തനത്തെക്കുറിച്ചുംറോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു.<br><br>9.സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തൽ.<br><br>10.സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. കാലം | ഫീൽഡ് ട്രിപ്പ്<br><br>ഉയരങ്ങളിലേക്ക്. | സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്.<br><br>മനുഷ്യന്റെ ഇടപെടലിലൂടെ തകർച്ചയിലേക്ക് ് നീങ്ങിക്കൊണ്ടിരിക്കുന്ന കാവുകൾ, കണ്ടൽക്കാടുകൾ,തണ്ണീർ തടങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച സർവ്വേ നടത്തിയ റിപ്പോർട്ട് തയ്യാറാക്കുന്നു.<br><br>സിവിൽ സർവീസ് ് പരീക്ഷ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു. പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തരങ്ങൾ ക്ലാസിൽ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സുരക്ഷാ ചുമതല അധ്യാപകൻ<br><br>സോഷ്യൽ ക്ലബ്ബ്, സാമൂഹ്യശാസ്ത്ര അധ്യാപകൻ<br><br>സാമൂഹ്യശാസ്ത്ര അധ്യാപകൻ | |

# അടിസ്ഥാന ശാസ്ത്രം

ശാസ്ത്രപഠന പ്രക്രിയ അധിഷ്ഠിതമായി നടക്കുന്ന ഒന്നാണ്. കൂടാതെ ശാസ്ത്രം ജീവിതാനുഭവവുമായി വളരെ ബന്ധപ്പെട്ടു കിടക്കുന്ന ഒരു വിഷയമാണ്. ശാസ്ത്ര പഠനത്തിലൂടെ പ്രകൃതിയിലെ പല പ്രതിഭാസങ്ങളും കാര്യകാരണങ്ങൾ സഹിതം തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. ശാസ്ത്ര ക്ലാസുകളിലെ അറിവുകൾ നിത്യജീവിതത്തിലെ പല സന്ദർഭങ്ങളിലും പ്രയോജനപ്പെടുത്താവുന്നതാണ്. അതുകൊണ്ട് ശാസ്ത്ര ക്ലാസുകളിൽ കുട്ടികളുടെ പങ്കാളിത്തവും ക്രിയാത്മകമായ ഇടപെടലും അധ്യാപകൻ ഉറപ്പുവരുത്തേണ്ടതുണ്ട്.

ശാസ്ത്ര പഠനപ്രക്രിയയിൽ അധ്യാപകരോടൊപ്പം വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പൂർണ സഹകരണം ഉണ്ടാകേണ്ടത് വളരെ പ്രധാനമാണ്. പ്രക്രിയാധിഷ്ഠിതമായ ശാസ്ത്രത്തെ സമീപിക്കാൻ നവീനമായ ഒരു ലാബ് അത്യന്താപേക്ഷിതമാണ്. Improvised-simple experiment ന്റെ ഉപയോഗത്തിലൂടെ ശാസ്ത്ര തത്വങ്ങളിൽ കുട്ടികൾക്ക് താൽപര്യം വർദ്ധിക്കുന്നതായി കാണുന്നു.

**<u>പ്രശ്നങ്ങൾ:</u>**

- ശാസ്ത്ര പഠനത്തോടുള്ള കുട്ടികളുടെ താല്പര്യക്കുറവ്.
- എല്ലാ കുട്ടികൾക്കും പരീക്ഷണത്തിൽ ഏർപ്പെടാനുള്ള സൗകര്യമില്ലായ്മ.
- നവീനവും ആയ സയൻസ് ലാബിന്റെ പര്യാപ്തത.
- എല്ലാ കുട്ടികളും പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല.
- കുട്ടികളിൽ ആശയങ്ങൾ/ധാരണകൾ ഉറക്കുന്നുണ്ടെങ്കിലും പല കുട്ടികൾക്കും അത് പുനരാവിഷ്കരിക്കാനുള്ള (എഴുതി ഫലിപ്പിക്കാനുള്ള) ബുദ്ധിമുട്ട്.
- പരീക്ഷണ നിരീക്ഷണങ്ങളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്താനാകുന്നില്ല.

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1.ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ.<br>മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണ-ത്തിൽ ഏർപ്പെടാൻ അവസരം നൽകൽ. | ഒരു ദിനം ഒരു പരീക്ഷണം | നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി ലഘുപരീക്ഷണങ്ങളിലൂടെ കുട്ടികളെ ശാസ്ത്രക്ലാസുകളിലേക്ക് ആകർഷിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരണം തയ്യാറാക്കുന്നു.<br>എല്ലാ കുട്ടികൾക്കും അവരവരുടെ കഴിവിനനുസരിച്ച് ഒരു പരീക്ഷണം ക്ലാസ ് റൂമിൽ ചെയ്യാനുള്ള അവസരം ഉറപ്പുവരുത്തുന്നു.<br>**<u>ശാസ്ത്രമൂല-ക്രമീകരണം:</u>**<br>പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉൾക്കൊള്ളിച്ചുകൊണ്ട ് ശാസ്ത്ര മൂല ക്രമീകരിക്കുന്നു.<br>**<u>സയൻസ്-എക്സിബിഷൻ:</u>**<br>കുട്ടികൾ തങ്ങൾക്ക ് ഇഷ്ടമുള്ള ശാസ്ത്ര മേഖലകൾ തിരഞ്ഞെടുത്ത് സയൻസുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ, വർക്കിംഗ് | ജൂൺ-ആഗസ്റ്റ് | ശാസ്ത്ര അധ്യാപകൻ,<br>ക്ലബ്ബ് കൺവീനർ<br><br>എസ്.ആർ.ജി | |

| | | | | | |
|---|---|---|---|---|---|
| 2. ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ അറിയുവാനും പങ്കുവെക്കാനും കഴിയുന്നു. | ആനുകാലികശ ാസ്ത്രം | മോഡൽ, നിശ്ചല മാതൃകകൾ, improvised experiments എന്നിവ പ്രദർശിപ്പിക്കുന്നു.<br><br>ദിനപത്രങ്ങളിൽ നിന്നും ആനുകാലികശാസ്ത്രം മാസികകളിൽ നിന്നും നൂതന സാങ്കേതികവിദ്യകളിൽ നിന്നും ലഭിക്കുന്ന ശാസ്ത്രാറിവുകൾ ക്രോഡീകരിക്കുകയും ക്വിസ്, ചോദ്യവലികൾ തയ്യാറാക്കുകയും ചെയ്യുന്നു. ശാസ്ത്രജ്ഞന്മാരെക്കുറിച്ചും, അവരുടെ കണ്ടുപിടിത്തങ്ങളെക്കുറിച്ചും കുറിപ്പുകൾ തയ്യാറാക്കി അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ഒരു വർഷം | ക്ലാസ് ടീച്ചർ ,സയൻസ് അധ്യാപക ൻ, സയൻസ് ക്ലബ് കൺവീനർ | |
| 3.ശാസ്ത്രരംഗത്തെ പുതിയ ആശയങ്ങൾ മാറ്റങ്ങൾ എന്നിവ ശാസ്ത്ര സാങ്കേതികം വിദ്യകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | | ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിൽ എത്തിക്കുന്നു<br>പുതിയ കണ്ടെത്തലുകൾ, പാഠഭാഗവുമായി ബന്ധപ്പെട്ട ന്യൂതനാശയങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം, ബഹിരാകാശവുമായി ബന്ധപ്പെട്ട | അക്കാദമിക് വർഷം | സയൻസ് അധ്യാപക ൻ | |

| | | | | | |
|---|---|---|---|---|---|
| 4. ജീവിതശൈലി രോഗങ്ങളെ കുറിച്ചും തെറ്റായ ഭക്ഷണ രീതികളെ കുറിച്ചും അറിയുന്നതിന്.<br><br>5.ദിനാചരണങ്ങളിലൂടെ ശാസ്ത്രജ്ഞന്മാരെ കുറിച്ച് അറിയാനും ശാസ്ത്രാവബോധം ഉള്ളവരാക്കാനും സാധിക്കുന്നു. | എന്റെ ആരോഗ്യം | പുത്തൻ അറിവുകൾ പുതിയ ദൗത്യങ്ങൾ എന്നിവ ICT-യുടെ സഹായത്തോടെ പ്രദർശിപ്പിക്കുന്നു.<br><br>ജീവിതശൈലി രോഗങ്ങളും ഭക്ഷണ ശീലങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ചോദ്യാവലി തയ്യാറാക്കുകയും സ്വന്തം വീട്ടിലും സമീപത്തെ അഞ്ചു വീടുകളിലും ഇത ് സംബന്ധിച്ച് സർവ്വേ നടത്തുകയും ചെയ്യുന്നു. ഇവ സംഗ്രഹിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നു. "ജീവിതശൈലി രോഗങ്ങളും പരിഹാരവും" എന്ന് വിഷയത്തിൽ ക്ലാസ് സംഘടിപ്പിക്കുന്നു.<br><br>ദിനാചരണങ്ങളുടെ ഭാഗമായി ശാസ്ത്രജ്ഞരുടെ പതിപ്പ് തയ്യാറാക്കുന്നതിന് ് നിർദ്ദേശങ്ങൾ നൽകുന്നു. ക്ലാസ് അടിസ്ഥാനത്തിൽ നിർമ്മിക്കുന്നു. ദിനാചരണവുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ ക്ലാസുകൾ നൽകുന്നു. | ഒരു വർഷം | സയൻസ് അധ്യാപകൻ<br><br>സയൻസ് അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 6. ഗവേഷണാത്മക പഠനം പരിപോഷിപ്പിക്കൽ. | നൂതന ആശയങ്ങൾ | " Idea corner" സ്ഥാപിക്കുന്നു. ഏറ്റവും നല്ല ആശയം അസംബ്ലിയിൽ അവതരിപ്പിക്കുന്നു. Inspire award, മറ്റു മത്സരങ്ങൾ എന്നിവയ്ക്കായി കുട്ടികളെ സജ്ജരാക്കുന്നു, Idea competition. തിരഞ്ഞെടുത്ത Idea അവതരിപ്പിക്കൽ.<br>'കുട്ടിശാസ്ത്രജ്ഞൻ പദ്ധതി' ഓരോ കുട്ടിയിലും ശാസ്ത്രാവബോധം ഉൾക്കൊള്ളിക്കുന്നതിനായി കുട്ടികളെ വ്യത്യസ്ത പരീക്ഷണങ്ങൾ അനുഭവഭേദ്യമാക്കുന്നു. | | സയൻസ് അധ്യാപകൻ | |

# Inclusive education/special education

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1) SLD കുട്ടികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ.<br><br>2) ID കുട്ടികൾക്ക് ആവശ്യമായ പിന്തുണസഹായ ം നൽകുക. | നിലവിലെ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ തുടർപ്രവർത്തനങ്ങൾ നൽകുക.<br><br>രക്ഷിതാക്കളുടെ പങ്കാളിത്തം പഠനപ്രവർത്തനത്തിൽ നിർബന്ധമാക്കുക.<br><br>സ്കൂൾ അവധി ദിവസമായ ശനിയാഴ്ചകളിൽ remedial teaching ന് ആവശ്യമായ സൗകര്യങ്ങൾ തയ്യാറാക്കുക. | | | | കുട്ടികളുടെ പഠന സാമ-ഗ്രികൾ സൂക്ഷിക്കുന്നതി-നുള്ള സൗകര്യം തയ്യാറാക്കുക. |

# <u>ആരോഗ്യ കായിക വിദ്യാഭ്യാസം</u>

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1.കുട്ടികളിലെ ശാരീരികവും മാനസികവും ആത്മീയകവുമായ വികാസവും ഉയർത്തുകയും അതിലൂടെ അക്കാദമിക നിലവാരം മെച്ചപ്പെടുകയും ചെയ്യുന്നു. | യോഗ | പ്രാണായാമ<br>ഏകദിന ശില്പശാല<br>യോഗാസന പരിശീലനം (എല്ലാ ആഴ്ചയിലും) | <br>ജൂൺ<br>ജൂൺ - ഡിസംബർ | Teachers<br>Parents<br>BRC | 5000/- |
| 2.കുട്ടികളിലെ ന്യൂറോ - മസ്കുലർ കോർഡിനേഷൻ വർദ്ധിക്കുന്നതിനോടൊപ്പം കായികക്ഷമത ഉയർത്തുകയും ചെയ്യുന്നു. | ഐറോബിക് വ്യായാമം | ഐറോബിക് വ്യായാമ പരിശീലനം<br>ഏകദിന ശിൽപശാല | ആഗസ്റ്റ് - ഒക്ടോബർ | Teachers<br>Parents<br>BRC | 6000/- |

| | | | | | |
|---|---|---|---|---|---|
| 3.നിരന്തര പരിശീലനത്തിലൂടെ കുട്ടികളിലെ ഓർമയും ഏകാഗ്രതയും വർധിപ്പിക്കുകയും അതിലൂടെ അക്കാദമിക വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാനും കഴിയുന്നു. | ചെസ്സ് | പ്രായോഗിക പരിശീലനം (എല്ലാ ആഴ്ചയിലും) | ജൂൺ - ഡിസംബർ | Teachers<br>Parents<br>BRC | 7000/- |
| 4.ആയോധന കലകളിലൂടെ മനസ്സിനെയും ശരീരത്തെയും സമന്വയിപ്പിച്ച്, കുട്ടികളിലെ സ്വയം പ്രതിരോധം, ആത്മവിശ്വാസം, ഏകാഗ്രത, കായികക്ഷമത എന്നിവ വർധിപ്പിക്കുന്നു. | കരാട്ടെ , തായ്ക്കൊണ്ട | പ്രായോഗിക പരിശീലനം (എല്ലാ ആഴ്ചയിലും) | ജൂൺ - ഡിസംബർ | Teachers<br>Parents<br>BRC | 10000/- |

# <u>മലയാളം UP</u>

ജനതയുടെ ആത്മാവ് കുടികൊള്ളുന്നത് മാതൃഭാഷയിലാണ്. മാതൃഭാഷ എന്ന നിലയിലും ചിന്തയുടെയും പഠനത്തിന്റെയും ബോധനത്തിന്റെയും മാധ്യമം എന്ന നിലയിലും മലയാളഭാഷയ്ക്ക് സവിശേഷമായ പ്രാധാന്യമുണ്ട്. വൈജ്ഞാനികമായ ഏതു മേഖലയിലുമുള്ള അറിവുകൾ ഉൾക്കൊള്ളാൻ പ്രാപ്തമായ നിലവാരത്തിലേക്ക് ശ്രേഷ്ഠമലയാളം ഉയർന്നു കഴിഞ്ഞു. കേവലമായ ആസ്വാദനത്തിനുമപ്പുറം സ്വയം നവീകരിക്കുന്ന ഊർജ്ജത്തിന്റെ ഉറവിടമാണ് മലയാളഭാഷയും സാഹിത്യവും.അറിവിന്റെ വിസ്മയ ലോകത്തേക്ക് കുട്ടികളെ നയിക്കാനും, ഭാഷയെയും സാഹിത്യത്തെയും നവീകരിച്ച് സംരക്ഷിക്കാനും മാതൃഭാഷയ്ക്ക് കഴിയും.

**<u>പ്രശ്നങ്ങൾ:</u>**

- തെറ്റ് കൂടാതെ വായിക്കാനും എഴുതാനും കഴിയാത്ത അവസ്ഥ.
- ആശയഗ്രഹണത്തിന് കഴിവില്ലായ്മ.
- വായനയോടുള്ള താല്പര്യക്കുറവ്.
- സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും അവ പ്രകടിപ്പിക്കുന്നതിനും ശേഷിക്കുറവ്.
- ആശയ പ്രകടനത്തിനുള്ള ശേഷിക്കുറവ്.
- ചിഹ്നങ്ങളിൽ തെറ്റു വരുത്തുന്നത്.

**<u>കാരണങ്ങൾ:</u>**

- വായനയിലുള്ള ശ്രദ്ധക്കുറവ്.
- ആശയ ഗ്രഹണത്തിനുള്ള ശേഷിക്കുറവ്.
- നവമാധ്യമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കൊണ്ട് പാഠപുസ്തക വായന കുറയുന്നു.
- വീട്ടിൽ നിന്നുള്ള പിന്തുണ വേണ്ടത്ര ലഭിക്കുന്നില്ല.

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1.ഭാഷയുടെ അടിസ്ഥാനശേഷ ി വികസനം. ആശയസംവേദന ം നടത്താനും പദ സമ്പത്ത് വളർത്താനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം | വിദ്യാർത്ഥികൾ അവരുടെ അവധി ക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ ( കഥ,കവിത, യാത്രാനുഭവങ്ങൾ,അനുഭവക്കുറിപ്പ് ) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ<br><br>അധ്യാപകർ | |
| | ഭാഷാ കേളി | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ, വിദ്യാരംഗം ക്ലബ്ബ്, SRG, School leader, Class leaders, BRC | |
| | വാക്കുകളിൽ നിന്ന് വാക്യങ്ങളിലേക്ക്: | പദസൂര്യൻ,ആശയപടം എന്നിവ നൽകിക്കൊണ്ട് പദനിർമ്മാണം, വാക്യനിർമ്മാണം, കഥ പൂർത്തിയാ-ക്കൽ, കവിതപൂരണം. | ജൂൺ | അധ്യാപകർ | |
| 2.ആശയ ഗ്രഹണ ത്തോടെയുള്ള സ്വതന്ത്ര വായന. | വാർത്താ ലോകത്തേക്ക് | ബാല മാസികകൾ, പത്രം, ആനുകാലികങ്ങൾ എന്നിവ വിദ്യാർത്ഥികൾ വായിക്കുകയും ഉച്ചാരണശുദ്ധി,ധാരണ, ചിന്താശേഷി ഇവ നേടുകയും ചെയ്യുക.<br>• വായനമൂല ഒരുക്കൽ- ആസ്വാദ്യകരമായ വായന.<br>• ക്ലാസ് ലൈബ്രറി - വായന - വായനക്കുറിപ്പ് തയ്യാറാക്കൽ. | ദിവസവും | SRG, BRC, School Leader, Class leaders,<br><br>അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 3.ആശയ ഗ്രഹണത്തോടെ യുള്ള സ്വതന്ത്ര ലേഖനം.<br><br>4. സർഗാത്മകത വികസിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ. | | • അമ്മ വായന<br>• ദിനാചരണങ്ങളുമായി ബന്ധിപ്പിക്കൽ.<br><br>• വാർത്തവായന - ( ക്ലാസ് തലത്തിൽ വായന നടത്തി മികച്ചവർക്ക് അവസരം നൽകുന്നു.)<br><br>വിവിധ വ്യവഹാര രൂപങ്ങളുടെ സ്വതന്ത്രരചന<br>• ഡയറി എഴുത്ത്<br>• കത്ത്<br>• വർണന<br>• യാത്രാവിവരണം<br>• കഥ-കവിത- രചന<br><br>• അനുഭവക്കുറിപ്പ്,<br>• താരതമ്യക്കുറിപ്പ്<br>• വിവരണം<br>• കഥപ്പതിപ്പ് നിർമ്മാണം<br>• കവിതാ സമാഹാരം<br>• വിദ്യാർത്ഥികളുടെ സർഗാത്മക സൃഷ്ടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് മാഗസിൻ | ജൂലൈ- ജനുവരി | | |

| | | | | | |
|---|---|---|---|---|---|
| | | തയ്യാറാക്കുക.<br>• മാഗസിൻ പ്രകാശനം.<br>• കടങ്കഥാ കേളി<br>• നാടൻ പാട്ട് കവിതാലാ പനം.<br>• പാഠഭാഗങ്ങൾ നാടകമാക്കി അവതരിപ്പിക്കൽ. | | | |
| 5.സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി വിദ്യാർത്ഥികളിൽ സർഗശേഷി വളർത്തൽ. | സംവാദം/ മുഖാമുഖം: | സാഹിത്യകാരന്മാർ, പ്രതിഭകൾ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദവും സംഘടിപ്പിക്കുക.<br><br>വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ, ബാലസഭ. | വർഷത്തിൽ 2 പ്രാവശ്യം | | 5000 |
| 6.വിദ്യാർത്ഥികളിലെ സർഗവാസനകൾ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കരണം | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ എന്നിവ സ്വയം തയ്യാറാക്കിയ അവതരിപ്പിക്കാൻ അവസരം നൽകുക.<br>ശിൽപ്പശാലകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | | 7000 |

| | | | | | |
|---|---|---|---|---|---|
| 7. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | മലയാളത്തിളക്കം | ICT ഉപയോഗിച്ച് കഥ, കവിത, ഡോക്യുമെന്ററി കാണിക്കൽ, കേൾപ്പിക്കൽ, ചിത്രത്തിൽ നിന്ന് കുറിപ്പ്, യാത്രാക്കുറിപ്പുകൾ തയ്യാറാക്കൽ,വാർത്തകൾ കേൾക്കൽ. | ആഴ്ചയിൽ ഒന്ന്<br>ജൂൺ- ആഗസ്റ്റ് | | |

# അറബിക് UP

സാമ്പത്തിക, സാംസ്കാരിക, സാങ്കേതിക, വൈജ്ഞാനിക, തൊഴിൽ മേഖലകളിൽ അനുദിനം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഭാഷ എന്ന നിലയിൽ ലോകത്ത് അറബി ഭാഷയുടെ തൊഴിൽ സാധ്യതകളും പഠനവും ഒട്ടേറെ പ്രാധാന്യമർഹിക്കുന്നു. ലോകത്ത ് പല ഭാഷകളും കാലഹരണപ്പെടുകയും മാറ്റങ്ങൾക്ക് വിധേയമാക്കപ്പെടുകയും ചെയ്യുമ്പോഴും നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള അറബി ഭാഷ മൂലഭാഷയുടെ തനിമ നിലനിർത്തി ആധുനിക മാറ്റങ്ങളെ ഉൾക്കൊണ്ടുതന്നെ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ലോകത്ത ് 22 രാഷ്ട്രങ്ങളുടെ ഔദ്യോഗിക ഭാഷയും 50 കോടി ജനങ്ങൾ ജീവിതത്തിൽ ഉപയോഗിക്കുന്ന ഭാഷയുമാണത്. കേരളത്തിൽ മാത്രം 50 ലക്ഷം ജനങ്ങൾ അറബി ഭാഷയിൽ സാക്ഷരരാണ്.

കേരളവും അറബിഭാഷയും തമ്മിൽ നൂറ്റാണ്ടുകളുടെ ചരിത്ര ബന്ധമാണുള്ളത് ് അറബി രാഷ്ട്രഭാഷ അല്ലാത്ത നാടുകളിൽ ആ ഭാഷയും സംസ്കാരവും ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയതും പ്രചാരം നേടിയതും കേരളത്തിലാണ്. അതുകൊണ്ടുതന്നെ അറബി ഭാഷാ സാഹിത്യ രംഗത്തും തൊഴിൽ രംഗത്തും അനന്ത അവസരങ്ങളും സാധ്യതകളുമാണ് മലയാളികൾക്കുള്ളത്. അറബി ഭാഷാ പഠനം കേരളത്തിലെ സ്കൂളുകളിൽ ഔദ്യോഗികമായി ആരംഭിച്ചിട്ട് 112 വർഷം പിന്നിട്ടിരിക്കുന്നു. 1912 ൽ തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ ചരിത്ര നിയോഗം എന്ന പോലെയാണ് വക്കം അബ്ദുൽ ഖാദർ മൗലവിയുടെ വിദ്യാഭ്യാസപരമായ ഇടപെടലുകളുടെ ഫലമായി ശ്രീമൂലം തിരുനാൾ മഹാരാജാവ് അറബി ഭാഷാ പഠനത്തിന് സംവിധാനവും വ്യവസ്ഥയും ഉണ്ടാക്കിയത്. പ്രാരംഭ നാളുകളിൽ ഖുർആൻ ടീച്ചർ എന്ന തസ്തികയിലായിരുന്നു അറബി അധ്യാപകർ നിയമിക്കപ്പെട്ടിരുന്നത്. സി.എച്ച് മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായിരുന്ന 1967 ലാണ് ഖുർആൻ അധ്യാപകർ ഭാഷാ അധ്യാപകരുടെ ഗണത്തിൽ ഉൾപ്പെട്ടത്.

പ്രീ പ്രൈമറി മുതൽ സർവകലാശാല തരം വരെ അറബി ഭാഷാ വിദ്യാഭ്യാസം നേടാനുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഇന്ന് കേരളത്തിലുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രൈമറി സെക്കൻഡറി ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി പന്തീരായിരത്തോളം അറബി അധ്യാപകർ ജാതിമതഭേദമന്യേ ഇപ്പോൾ സേവനമനുഷ്ഠിക്കുന്നുണ്ട്. 18 ലക്ഷത്തിൽപരം വിദ്യാർത്ഥികൾ ഈ വിഭാഗങ്ങളിലായി പഠിക്കുന്നുമുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്തും ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുന്നുണ്ട്.

**പൊതുവായ ലക്ഷ്യങ്ങൾ :**

1)കുട്ടികളിൽ അറബിക് ഭാഷയോട് താല്പര്യം വളർത്തുക. ലിംഗുസ്റ്റിക് ഡെവലപ്പ്മെന്റിന്റെ സ്റ്റേജുകൾ പടിപടിയായി ഉയർത്തുക.

2)LSRW ഊന്നൽ നൽകി ഭാഷയോടുള്ള കഴിവും നൈപുണിയും വളർത്തിയെടുക്കുക.

3)ഓരോ യൂണിറ്റിലും വേണ്ട പഠന നേട്ടങ്ങളും മറ്റും കുട്ടികൾ നേടി എന്ന് ഉറപ്പു വരുത്തുക.

4)അറബിക് ഭാഷാ പഠനം രസകരവും ആകർഷകവും ഒപ്പം ലളിതവും ആക്കുക.

5)അറബിക് ഭാഷ പഠനത്തിലൂടെ കുട്ടികളിൽ ഭാഷാ സ്നേഹവും വളർത്തിയെടുക്കുക.

7)ഭിന്നശേഷി കുട്ടികൾക്ക് ഒരേ പോലെയുള്ള പ്രാധാന്യം നൽകിക്കൊണ്ടുതന്നെ അവർക്കാനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തനാക്കുക.

8)അറബി ഭാഷ സാധ്യതകളും അവസരങ്ങളും കുട്ടികൾക്ക് മനസ്സിലാക്കി ഭാഷാപഠനത്തിന്റെ താല്പര്യം വർധിപ്പിക്കുക.

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1.അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളിൽ എഴുത്ത്, വായന എന്നിവ പരിപോഷിപ്പിക്കുവാനു ള്ള പ്രത്യേക പരിപാടി. | അറബിക് മധുരം | • എഴുത്ത്,വായന:<br>• ടെസ്റ്റ് ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക ് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക.<br>• നിശ്ചിത സമയത്ത ് "അറബിക് മധുരം" ക്ലാസ് നൽകുക. | 2 മാസം | BRC<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ | 250 |
| 2.കുട്ടിയെ വായനാ ലോകത്തേക്ക് കൊണ്ടുവരൽ<br>നല്ല വായനക്കാരാക്കുക. | വായനാലോകം | • തെരഞ്ഞെടുത്ത ലളിതമായ അറബിക ് പുസ്തക ശേഖരം( അറബിക് ലൈബ്രറി) :<br>• പുസ്തകങ്ങൾ:<br>• ചിത്രകഥ( അറബിക്)<br>• കഥാപുസ്തകം(അറബിക്)<br>• കുട്ടി കവിതകൾ ( അറബിക്)<br>• ചെറിയ വിവരണ District ( അറബിക് )<br>• അറബിക് ക്വിസ് | 6 മാസം | സമാഹരണം: അറബിക് അധ്യാപകർ, റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷാ അധ്യാപകർ, ഭാഷാ സ്നേഹികൾ, അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ, | 1500 |

| | | | | | |
|---|---|---|---|---|---|
| 3.കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | ക്ലാസ് വായന :<br><br>നല്ല എഴുത്ത് | • ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക.<br>• കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക.<br><br>• ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകുക.<br>• വർഷത്തിലൊരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക.<br>• ക്ലാസ് മാസിക നിർമ്മാണം.<br>• മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി A4 സൈസിൽ വൃത്തിയായി എഴുതി ലാമിനേഷൻ ചെയ്ത് വായനാ കാർഡ് നിർമ്മിക്കുക. | 1 വർഷം | സ്പോൺസർ ഷിപ്പിലൂടെ പണം സമാഹരിക്കൽ, സർക്കാർ ഫണ്ട് . | 250 |

| | | | | | |
|---|---|---|---|---|---|
| 4.അറബിപദ സമ്പത്ത് വർദ്ധിപ്പിക്കുക. | പദപരിചയം | • ഒരു പദം പരിചയപ്പെടൽ.<br>• അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും നോട്ടീസ് ബോർഡിൽ അറബിക് പദം പതിക്കുക.<br>• എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ അറബിക ് അധ്യാപകൻ വിലയിരുത്തുന്നു.<br>മികച്ചുനിൽക്കുന്ന കുട്ടികൾക്ക് പ്രോത്സാഹന സമ്മാനം നൽകുക. | 1 വർഷം | | 300 |
| | അറബിക് ഫെസ്റ്റ് | അറബിക ് ദിനത്തിൽ ഹാഫ ് ഡേ അറബിക് ഫെസ്റ്റ് നടത്തുക.<br>കാര്യപരിപാടികൾ :<br>• ഉദ്ഘാടനം<br>• ആദരിക്കൽ ( ഇത ് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാനം)<br>• മികച്ച അറബിക ് കലാ അവതരണം.<br>• തൊട്ടടുത്ത അറബിക ് കവി/ സാഹിത്യകാരൻ/ പണ്ഡിതൻപങ്കെടുപ്പിക്കൽ, | | പൂർവ്വ വിദ്യാർത്ഥികൾ,ഭാഷാ സ്നേഹികൾ ,അറബി ഭാഷാ പഠിതാക്കൾ | 2000 |

| | | | | | |
|---|---|---|---|---|---|
| | ദിനാചരണങ്ങൾ<br><br>മത്സരങ്ങളുടെ ലോകം<br><br>സ്കൂൾ വാർഷികം | ആദരിക്കൽ.<br>• അറബിക് എക്സിബിഷൻ.<br>• ആനിമേഷൻ പ്രദർശനം.<br><br>സ്കൂളിൽ നടക്കുന്ന ദിനാചരണ-ങ്ങളിൽ അധ്യാപകന്റെ സഹായ-ത്തോടെ കുട്ടികൾ പോസ്റ്റർ നിർമ്മിക്കുന്നു.<br><br>മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകളെ പരിപോഷിപ്പിക്കുക.<br>ഉദാ:<br>• ക്വിസ്<br>• പദനിർമ്മാണം<br>• കഥ പറയൽ<br>• കവിത ചെല്ലൽ<br>• കളറിംങ്<br>• ഗദ്യ വായന<br>• ആംഗ്യ ഗാനം<br>• പദ പ്പയറ്റ്<br>• പദസൂര്യൻ<br><br>വർഷത്തിൽ അറബി നാടകം, ചിത്രീകരണം, മോണോ ആക്ട്, വാർത്താവായന തുടങ്ങിയ ഇനങ്ങൾ അവതരിപ്പിക്കുക | 1 വർഷം | പൂർവ്വ വിദ്യാർത്ഥികൾ,ഭ ാഷാ സ്നേഹികൾ ,അ റബി ഭാഷാ പഠിതാക്കൾ | 200<br><br>500<br><br>1500 |

## ഹിന്ദി UP

മനുഷ്യന് ആശയവിനിമയം നടത്താനുള്ള മാധ്യമമാണ് ഭാഷ. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ഭാരതീയരുടെ ഒരു ആശയ വിനിമയോപാധിയാണ് ഹിന്ദി ഭാഷ. കേരളത്തിലെ കുട്ടികൾക്ക് മാതൃഭാഷയിലൂടെ ഹിന്ദി ഭാഷ നൈപുണിയും കഴിവും ഭാരതീയ സംസ്കാരത്തിന്റെ പ്രത്യേകതകളും ഹിന്ദി ഭാഷ ജ്ഞാനത്തിലൂടെ ആർജ്ജിച്ചെടുക്കാൻ ഉപകരിക്കുന്നു.

**പൊതുവായ ലക്ഷ്യങ്ങൾ :**

1)കുട്ടികളിൽ ഹിന്ദി ഭാഷയോട് ആഭിമുഖ്യം വളർത്തുക. ലിംഗുസ്റ്റിക് ഡെവലപ്പ്മെന്റിന്റെ സ്റ്റേജുകൾ പടിപടിയായി ഉയർത്തുക.

2)LSRW ഊന്നൽ നൽകി ഭാഷയോടുള്ള കഴിവും നൈപുണിയും വളർത്തിയെടുക്കുക.

3)ഓരോ യൂണിറ്റിലും വേണ്ട പഠന നേട്ടങ്ങളും മറ്റും കുട്ടികൾ നേടി എന്ന് ഉറപ്പു വരുത്തുക.

4)ഹിന്ദി ഭാഷാ പഠനം കളിയും ചിരിയും രസകരവും ആകർഷകവും ഒപ്പം ലളിതവും ആക്കി മാറ്റാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

5)ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികളിൽ ഭാഷാ സ്നേഹവും വളർത്തിയെടുക്കുന്നു.

6)കുട്ടികളുടെ ശേഷികളും കഴിവുകളും അനുസരിച്ചു അനുയോജ്യമായ പിയർ ഗ്രൂപ്പുകളിലൂടെ ആവശ്യമായ സഹായങ്ങൾ നൽകിക്കൊണ്ട് സമത വരുത്താനും ഭാഷാ ശേഷി ഉയർത്തുന്നു, മികവ് ഉയർത്തുന്നു.

7)ഭിന്നശേഷി കുട്ടികൾക്ക് ഒരേ പോലെയുള്ള പ്രാധാന്യം നൽകിക്കൊണ്ടുതന്നെ അവർക്കാനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തനാക്കുന്നു.

അഞ്ചാം തരം:

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1) അക്ഷരം, ചിഹ്നം തിരിച്ചറിയാനും ഉച്ചാരണം ശരിയാക്കാനും പരിചയപ്പെടുത്തുന്നു.<br><br>2)എഴുതാനും വായിക്കാനും തിരിച്ചറിയാനും പഠിപ്പിക്കുന്നു. ഭാഷയോടുള്ള താത്പര്യവും നൈപുണിയും വളർത്താൻ LSRW ന് ഊന്നൽ നൽകുന്നു.ചിത്രങ്ങളുടെ സഹായത്തോടെ വാക്കുകളെ ഗ്രഹിക്കാൻ എളുപ്പമാക്കുന്നു. | ചിത്ര വായന<br><br>ഗ്രാഫിക് റീഡിങ്<br><br>ഹിന്ദി എഴുത്ത്<br><br>തിരിച്ചറിയുക/എഴുതാൻ കഴിവുണ്ടാവുക | ഗ്രാഫിക് റീഡിങ്ങിലൂടെ അക്ഷരങ്ങളും ചിഹ്നങ്ങളും വാക്കുകളും ഉറപ്പിക്കുന്നു.<br><br>Video Audio Visuals ലൂടെ ഉച്ചാരണ ശുദ്ധി വാക്കുകൾ എന്നിവ പരിചയപ്പെടുത്തുന്നു.<br><br>ശിൽപശാല : ഡിജിറ്റൽ കവിതകൾ കരോക്കെ, ലിറിക്സ് എന്നിവയുടെ സഹായത്തോടെ ഹിന്ദി അക്ഷരങ്ങൾ, വാക്കുകൾ എന്നിവയോടുള്ള അവബോധം സൃഷ്ടിക്കുന്നു. | ഹൃസ്വം /ദീർഘം ജൂൺ - ജൂലൈ<br><br>മധ്യ കാലം ആഗസ്റ്റ് - സെപ്റ്റംബർ<br><br>ഹൃസ്വം /ദീർഘം വേണ്ട കാലയളവ് അനുസരിച്ച് | | 1500 |

| | | | | | |
|---|---|---|---|---|---|
| 3)കാർട്ടൂൺ, ചിത്രകഥ, സുരീലി ഹിന്ദി എന്നിങ്ങനെയുള്ള ഡിജിറ്റൽ സ്രോതസ്സുകൾ ഉപയോഗിച്ച് ഹിന്ദി കൂടുതൽ കണ്ടും കേട്ടും എഴുതാനും വായിക്കാനും അനായാസം പരിശീലിപ്പിക്കുന്ന ു. | ഹിന്ദി വാക്കുകൾ തിരിച്ചറിയുക ഉച്ചരിക്കുക.<br><br>ഹിന്ദി അക്ഷരങ്ങൾ ഉറപ്പിക്കുക, എഴുത്തിന്റെ ഘടന മനസ്സിലാക്കുക | ചിത്രരചന, നിറങ്ങൾ കൊടുക്കുക, പ്രൊഫൈൽ തയ്യാറാക്കുക. പോസ്റ്റർ, കരോക്കെ പാട്ടും ഡാൻസും അവതരിപ്പിക്കുക, എന്നിവ ഉചിതമായി പരിശീലിപ്പിക്കുന്നു. | ദീർഘകാലയളവ് | | 500 |

ആറാം തരം:

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1) ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ പിയർ ഗ്രൂപ്പിൽ ഇരുത്തി പരിശീലനം നൽകുന്നു. | പദസമ്പത്ത് വർദ്ധിപ്പിക്കുക | വർക്ക്ഷീറ്റുകൾ, ഗ്രാഫിക് റീഡിങ്, ചിത്ര രചന എന്നിവ നൽകുന്നു . | ഹൃസ്വം, ജൂൺ - ജൂലൈ | | 200/- |
| 2) പദ സമ്പത്ത്, ഉച്ചാരണശുദ്ധി, പൂർവ്വാനുഭവ പ്രവർത്തനങ്ങൾ, വാക്കുകൾ, പദങ്ങൾ, തുകാംത് ശബ്ദ് കവിതാരചന തുടങ്ങി പ്രവർത്തനങ്ങൾ തയ്യാറാക്കുവാനറിയുന്നു. | പാഠപുസ്തക പ്രവർത്തനങ്ങൾ ചെയ്യാൻ കഴിവുണ്ടാവുക | ഡിജിറ്റൽ മോഡലുകൾ നൽകുന്നു. വർക്ക്ഷീറ്റുകൾ, ചാർട്ടുകൾ എന്നിവ നൽകി എഴുതിയും പറഞ്ഞും കഴിവ് നേടിയെടുക്കുന്നു. | ജൂലൈ - ആഗസ്റ്റ് | | 300/- |
| 3)ദേശഭക്തി ഗീതം, ദേശ സ്നേഹം വളർത്തിയെടുക്കാൻ ആവശ്യമായ പരിശീലനം നൽകുന്നു. | രാജ്യസ്നേഹം വളർത്തുക ഭാരതീയ സംസ്കാരത്തെ-ക്കുറിച്ചും രാജ്യത്തെക്കു-റിച്ചുമുള്ള അവബോധം സൃഷ്ടിക്കുക | ദേശഭക്തി ഗീതം, ദേശസ്നേഹം എന്നിവയുള്ള വീഡിയോ, ഓഡിയോ, പത്രം, ചിത്രങ്ങൾ | മധ്യകാലം സെപ്റ്റംബർ - ഒക്ടോബർ | | 300/- |

| | | | | | |
|---|---|---|---|---|---|
| സഹജീവികളോടുള്ള കരുണ, മനുഷ്യത്വത്തിന്റെ കാഴ്ചപ്പാടും ആവശ്യകതയും വളർത്തിയെടുക്കാൻ പോസ്റ്റർ രചന, കുറിപ്പ്, ലേഖനം, ആശയം എഴുതുക എന്നിവയിൽ പരിശീലനം നൽകുന്നു. | | എന്നിവ കാണിക്കുന്നു. കൊളഷ് തയ്യാറാക്കാൻ പരിശീലിപ്പിക്കുന്നു. ചിത്രവായന ചെയ്ത് വാക്കുകൾ കൂട്ടി പദങ്ങൾ എഴുതി ചേർക്കാൻ വർക്കുകൾ, വർക്ക്ഷീറ്റുകൾ എന്നിവ നൽകുന്നു. | | | |
| 4) സഹോദരസ്നേഹം, പരസ്പരസ്നേഹം, സിമ്പതി, എമ്പതി, പരീക്ഷയെ കുറിച്ചുള്ള ചിന്താഗതികൾ എന്നിവയിൽ അവബോധം നൽകുന്നു. | മനുഷ്യത്വം സാഹോദര്യം എന്നിവ കൂട്ടിയുറപ്പിക്കുക പരീക്ഷ അവബോധം സൃഷ്ടിക്കുക | വർക്ഷീറ്റുകളും വീഡിയോകളും മറ്റും നൽകി പരിശീലനം ചെയ്യുന്നു. ചിത്രങ്ങൾ, ചാർട്ടുകളിൽ ചെയ്തും പോസ്റ്റർ ഉണ്ടാക്കിയും പരിശീലിപ്പിക്കുന്നു. | നവംബർ - ഡിസംബർ | | 300/- |

ഏഴാം തരം:

| പഠനനേട്ടങ്ങൾ /ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1) ഹിന്ദിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ | ഹിന്ദി ഭാഷ പിന്നോക്കാവസ്ഥ നീക്കുക | പിയർഗ്രൂപ്പ് ഭാഷകളികൾ ഡിജിറ്റൽ ഗാഡ്ഗെറ്റ്സ്, വർക്ക്ഷീറ്റുകൾ എന്നിവയിലൂടെ പ്രവർത്തനങ്ങൾ നൽകുന്നു. | ഹ്രസ്വം | | 500/- |
| 2)ലോകത്തോടും, സർവചരാചരങ്ങളോടുള്ള സ്നേഹവും കടമയും ശുചിത്വത്തിന്റെ പ്രാധാന്യത്തേക്കുറിച്ചുമുള്ള അവബോധം നൽകുക. | സ്വയം എഴുതാൻ പരിശീലനം | പദസൂര്യൻ, പോസ്റ്റർ, ആശയ രചന, ചിത്ര രചന, മുദ്രാവാക്യ പാട്ട ് നോട്ടീസ്ബോർഡ്, എന്നിവയ്ക്കുള്ള പരിശീലനം. | ജൂൺ - ജൂലൈ | | 200/- |
| 3)ചരിത്ര കഥ, കാർഷിക വൃത്തി എന്നിവയുടെ പ്രാധാന്യവും അവബോധവും സൃഷ്ടിക്കുക. വായന ശീലവും എഴുത്തിന്റെ ഘടനയും തിരിച്ചറിവും | ചിത്രകഥ അവബോധം സൃഷ്ടിക്കാം | റിപ്പോർട്ട്, പ്രൊഫൈൽ എന്നിവ തയ്യാറാക്കി പ്രദർശനം, പദസൂര്യൻ വാക്കുകൾ, ഖണ്ഡങ്ങൾ, ആശയം മനസ്സിലാക്കൽ, പുതിയ വാക്കുകൾ ഉണ്ടാക്കൽ എന്നീ | മധ്യകാലം ആഗസ്റ്റ ്- സെപ്റ്റംബർ | | 400/- |

| | | | | | |
|---|---|---|---|---|---|
| ഉണ്ടാക്കുക. | | പ്രവർത്തനങ്ങൾ നൽകി പരിശീലിപ്പിക്കുന്നു. പ്ലക്കാർഡ് തയ്യാറാക്കുന്നു. | | | |
| 4)പ്രകൃതി, മഴ ,ജീവികൾ പരിസ്ഥിതി ബോധം ഹിന്ദി ഭാഷയിലൂടെ വർധിപ്പിക്കുക. | പ്രകൃതിജീവികൾ പരിസ്ഥിതി അവബോധം | പ്രകൃതിയുടെ തിരിച്ചറിവ്, പ്രാധാന്യമുള്ള ഹിന്ദി വാക്കുകൾ. ഡയറി എഴുത്ത് പരിശീലനം, സമാന ഹിന്ദി അർത്ഥങ്ങൾ ലഘു കുറിപ്പുകൾ തയ്യാറാക്കാനുള്ള പരിശീലനം. | ഒക്ടോബർ - നവംബർ | | 200/- |
| 5) ഫിലിം ലേഖനം, ജന്മദിന ആശംസ, രാജ്യസ്നേഹം, സ്വാതന്ത്ര സമര സേനാനികൾ, കവികൾ, കഥകൾ ഹിന്ദി ഭാഷ പഠനത്തിലൂടെ ഉറപ്പിക്കുക, പരിചയപ്പെടുത്തുക. | പ്രവർത്തനങ്ങളിലൂടെ ആവശ്യമായ കഴിവ് വളർത്തിയെടുക്കാൻ വേണ്ട സാഹചര്യം ഒരുക്കാം | ഉചിതമായവ ചേർക്കുക. ബർത്തഡേ കാർഡ് തയ്യാറാക്കുക. റോൾപ്ലേ അവതരണം, ഫിലിം ലേഖനത്തിലെ സംഭാഷണം തെരഞ്ഞെടുക്കുക.ഫിലിം പ്രദർശനം, പോസ്റ്റർ രചന എന്നിവ പരിശീലിപ്പിക്കുക. | ഡിസംബർ - ജനുവരി | | 300/- |
| 6)ഡയറിയിലൂടെ പരസ്പര സ്നേഹം, മനുഷ്യത്വം, സംഭവ വിവരണം എന്നിവയിൽ | മനുഷ്യത്വം സഹാനുഭൂതി എന്നിവ വളർത്താൻ | ഡയറി എഴുത്ത ് മാതൃക പദസൂര്യൻ, ലേഖനം, പദവിന്യാസം, വിശേഷത, | ഫെബ്രുവരി - മാർച്ച് | | 300/- |

| | | | | | |
|---|---|---|---|---|---|
| പാഠപുസ്തകത്തിനെ അടിസ്ഥാനപ്പെടുത്തി തിരിച്ചറിവുണ്ടാക്കി ഹിന്ദി ഭാഷയിൽ പ്രാവീണ്യം വരുത്തുക. | ഭാഷയിലൂടെ പ്രവർത്തനങ്ങൾ നടത്തുക | വാക്യഘടന, നോട്ടീസ് ബോർഡ് സംഭവ വിവരണം, വാക്യങ്ങൾ ഉണ്ടാക്കുക എന്നിവയ്ക്ക് വേണ്ട വർക്ക്ഷീറ്റുകൾ, മറ്റുസ്രോതസ്സുകളും നൽകിയുള്ള പരിശീലനം. | | | |

# ENGLISH

Learning English is essential for effective communication in today's globalized world. For upper primary classes, it is crucial for several reasons. The one and the most important is foundation for higher education as this stage is a crucial stage to build strong foundation in English language acquisition – LSRW. "Practice makes a man perfect" through the meaningful practices, makes the child to improve his language skill.

**PROBLEMS FACING DURING TEACHING – LEARNING PROCESS**

* Lack of confidence in children in English Communication.
* Children showing laziness in studying spelling.
* Lack of confidence in children for performance based activities like choreography skit, role Play e.t.c.
*Children can't express their thoughts or ideas into words.
* Difficulty in organising school activities to facilitate inclusive education.

**AIMS**

* To enable pupils to listen, speak, read and write.
* To provide maximum opportunities for English communication.
* To create interest in pupils for active participation in classroom activities.

| AIM | ACTIVITY | PERIOD | CHARGE | FINANCE |
|---|---|---|---|---|
| 1.To improve the listening and speaking skills of the students. | TIME WITH A ROBOT<br>* To set up a ROBOT which can communicate with the students.<br>STAR OF THE WEEK<br>* Teacher selects each students from L.P. and U.P. classes who speak only English and announces as *STARS OF THE WEEK.* | From August to March<br><br>July to February | Teacher,<br><br>Teacher | 10000<br><br>3000 |
| 2. To improve the writing and thinking skills of the students. | **LETTER TIME**<br>**SCHOOL POST OFFICE**<br>* After providing necessary tips and awareness related to write the discourses such as letter , diary etc, asks them to write letters to their friends on every Monday. In Feb. First week, will conduct LETTER EXPO and will select and appreciate the best one. | August to January | Teacher | 500 |
| 3. To develop the reading skill of the students. | READER OF THE MONTH<br>* Teacher selects the class – wise readers in English. At the end of each month , conducts a reading competition . The child who reads with proper pronunciation, stress, intonation and pause selects as *READER OF THE MONTH.* | July to February | Teacher | 500 |

| | | | | |
|---|---|---|---|---|
| 4. To create an interest in pupils for active participation in classroom activities. | STUDENTS THEATRE<br><br>* Conducts workshops for igniting the theatre skills of the students with the help of renowned personslities in the field.Then the performance will conduct on PADANOLSAVAM. | August to December | Teacher | 3000 |

| | | | | |
|---|---|---|---|---|
| To increase the confidence level of children in English communication. | For speaking<br>1 minute - I can<br>Everyday in English period after the rapport teacher asks one child to take a slot (contains names of animals, vegetable, fruits and birds) and speaks about it for 1 minute the turn is according to their roll number.<br><br>Story time<br>Teacher provides sequences of images or pictures and asks them to tell a story. | Throughout the year<br><br>Once in a week | Teacher | 2000 |

| | | | | |
|---|---|---|---|---|
| To enable people to listen, speak, read, write, and understand English. | For Listening<br>Story time<br>Teacher plays short stories and ask questions based on it (character, title, moral, events etc). After sometime teacher motivates the students to ask questions to each other.<br><br>News time<br>Twice in a week teacher plays the recorded news items and all the students listen to it.<br><br>For writing<br>Alert zone<br>Prepare placards, posters, notices, sign board etc. | Twice in a week<br><br>Sargavela time.<br><br>Day celebrations. | | |
| To create interest in people for active participation in classroom activities. | For reading<br>With the help of all the students in a class teacher sets up a reading corner in each class with story books, English magazine etc .Other than these with the help of above average students, create reading charts according to their level. | August - December | Teacher | |